www.malankaralibrary.com

# പരിസ്ഥിതി നയവും കേരളത്തിന്റെ വികസനവും

– Dr. K. M. Francis
Secretery, Laity Commission, KCBC

കേരളത്തിലെ യുവജനങ്ങളിൽ വിദ്യാസമ്പന്നരായവർ ജന്മനാട് ഉപേക്ഷിച്ച് വിദേശങ്ങളിലേക്ക് കുടിയേറുകയാണ്. ഒരു വശത്ത് ന്യൂനപക്ഷ ഭൂരിപക്ഷ തീവ്രവാദവും മറുവശത്ത് വികലമായ സാമ്പത്തിക നയങ്ങളും കേരളത്തിലെ തൊഴിൽ അവസരങ്ങളിൽ ഗണ്യമായ കുറവു വരുത്തിയതാണ് വിദേശ സംസ്ഥാനങ്ങളിലേക്കും വിദേശ രാജ്യങ്ങളിലേക്കും മലയാളികൾ കുടിയേറാനുള്ള കാരണം, തൊഴിൽ സമരങ്ങൾ, നോക്കുകൂലി, വ്യവസായങ്ങളുടെയും, വ്യാപാരികളുടെയും, കർഷകരുടെയും, വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും സ്വയം ഭരണത്തിൽ രാഷ്ട്രീയ പ്രവർത്തകർ നടത്തുന്ന കൈകടത്തൽ മുതലായവയാണ് ഈ തകർച്ചയുടെ പശ്ചാത്തലം. കൂനിന്മേൽ കുരുവെന്ന പോലെ വികലമായ ഒരു പരിസ്ഥിതി നയം കേരളത്തെ ഗ്രസിച്ചിരിക്കുന്നു. മലയോര മേഖലയിലും, കടൽ തീര മേഖലയിലും താമസിച്ച് ഉപജീവനം നടത്തുന്ന വരെ ഫോറസ്റ്റ് അധികാരികളും, സർക്കാർ ഉദ്യോഗസ്ഥന്മാരും കള്ള കേസിൽ കുടുക്കിയും, വികലമായ നയങ്ങൾ നടപ്പിലാക്കിയും കുടിയിറക്കിന് വിധേയമാക്കുന്നു.

**എന്തായിരിക്കണം പരിസ്ഥിതി നയം?**

മനുഷ്യവർഗ്ഗത്തിന് പ്രകൃതിയിലെ വിഭവങ്ങളെ ഉപയോഗിക്കാതെ ജീവിക്കുക അസാധ്യമാണ്. കായ്കനികൾ ശേഖരിച്ചും കാടുകൾ വെട്ടിതെളിച്ച് കൃഷിചെയ്തും, മൃഗങ്ങളെ വേട്ടയാടിയുമാണ് മനുഷ്യവർഗ്ഗം ഉപജീവനം നടത്തിയിരുന്നത്. കേരളത്തിന്റെ ഭൂപ്രദേശത്തിന്റെ 95 ശതമാനവും വനമായിരുന്നു. ഈ വനം ഇപ്പോൾ 22 ശതമാനമാണ്. മറ്റു വാക്കുകളിൽ ജനസംഖ്യയുടെ മുഴുവൻ അംഗങ്ങളും വെട്ടി തെളിച്ച വനത്തിലാണ് ജീവിക്കുന്നത്. ഈ വനത്തിലെ മരങ്ങൾ ഉപയോഗിച്ചാണ് ഫർണീച്ചർ നിർമ്മിക്കുന്നത്, പാറ ഖനനം ചെയ്താണ് വീടുകളും റോഡുകളും ഡാമുകളും നിർമ്മിക്കുന്നത്. പുഴയിൽ നിന്ന് മണൽ എടുത്തിട്ടാണ് നാം നിർമ്മാണം നടത്തിയിരുന്നത്. ചായില, കാപ്പി, കുരുമുളക്, ഏലം മുതലായവ കൃഷി ചെയ്യുന്നത് മലമ്പ്രദേശത്തെ വനങ്ങളിലാണ്. നാം വാഹനത്തിൽ ഉപയോഗിക്കുന്ന പെട്രോൾ, ഡീസൽ, ഇരുമ്പു നിർമ്മിക്കാൻ ഇരുമ്പയിര്, ഗ്ലാസ് ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന സിലിക്കൺ, വൈദ്യുതി ഉല്പാദിപ്പിക്കുന്ന കൽക്കരി മുതലായവയെല്ലാം പ്രകൃതിയിലെ വസ്തുക്കളാണ്.

എന്നാൽ പ്രസ്തുത വസ്തുക്കൾ അമിതമായി ഉപയോഗം ചെയ്താൽ അവ സമ്പൂർണ്ണമായി ഇല്ലാതാകുകയും വരാനിരിക്കുന്ന തലമുറയ്ക്ക് ഉപയോഗിക്കാനുള്ളതുകൂടി ഇന്ന് ജീവിക്കുന്ന തലമുറ ഒന്നും അവശേഷിപ്പിക്കുകയില്ല. കത്തോലിക്കാ സഭയുടെ കാഴ്ചപ്പാടനുസരിച്ച് ദൈവം ഇന്നത്തെയും ഭാവിയിലേയും തലമുറകൾക്ക് വേണ്ടി പൊതു ഉപയോഗത്തിനാണ് ഭൂമി സൃഷ്ടിച്ചിരിക്കുന്നത്. അക്കാരണത്താൽ

www.malankaralibrary.com

പ്രകൃതി വസ്തുക്കളുടെ ഇന്നത്തെ തലമുറയുടെ ഉപയോഗത്തിന് പരിധി നിർണ്ണയിക്കണമെന്ന് സഭ നിർദ്ദേശിക്കുന്നു. അഗോള തലത്തിൽ ഇത്തരമൊരു കാഴ്ചപ്പാടിന് ലഭിച്ച അംഗീകാരമാണ് പരിസ്ഥിതി നയം രൂപപ്പെടാനുണ്ടായ കാരണം.

**പരിസ്ഥിതി നയ വൈകല്യങ്ങൾ**

ഒരു രാഷ്ട്രം പരിസ്ഥിതിനയം രൂപീകരിക്കുമ്പോൾ തെറ്റുപറ്റാതിരിക്കാൻ ചില മുന്നറിയിപ്പുകൾ നൽകുന്നുണ്ട്. രണ്ട് തെറ്റുകൾ പരിസ്ഥിതി നയത്തിൽ സംഭവിക്കുന്നുണ്ടെന്ന് ശാസ്ത്രജ്ഞന്മാർ ചൂണ്ടി കാണിക്കുന്നു. ഒന്നാമത്തേത് പ്രകൃതികേന്ദ്രീകൃതവാദമാണ് (eco-centrism). രണ്ടാമത്തേത് മനുഷ്യകേന്ദ്രീകൃത വാദമാണ് (anthropocentrism). ആദ്യത്തെ വാദമനുസരിച്ച് പ്രകൃതി ദൈവമാണ്. എലിയെ കൊല്ലുന്നത് തെറ്റാണ്, പേപ്പട്ടിയെ കൊല്ലുന്നത് തെറ്റാണ്, ഡാം പണിയുന്നത് തെറ്റാണ്, കൊലയാളിയായ ആനയെ കൂട്ടിലടക്കുന്നതും മെരുക്കുന്നതും തെറ്റാണ് മുതലായ വാദങ്ങളാണ് ഇക്കൂട്ടർ വാദിക്കുന്നത്. മനുഷ്യനെ നിലനിൽപ്പിനും, കൃഷിക്കും, സ്ഥാവര ജംഗമ വസ്തുക്കൾക്കും നാശം സംഭവിച്ചാൽപ്പോലും മൃഗങ്ങളെ ഒന്നും ചെയ്യരുതെന്ന് ഇക്കൂട്ടർ വാദിക്കുന്നു.

എന്നാൽ ഇതിന് നേർ വിപരീതമായി മനുഷ്യന്റെ നിലനിൽപ്പിന് പ്രകൃതി വിഭവങ്ങളെ പരിധിയില്ലാതെ ചൂഷണം ചെയ്യാം എന്ന് മറ്റൊരു കൂട്ടർ വാദിക്കുന്നു. എല്ലാ രാജ്യത്തെയും അമിത വികസന വാദികളാണ് പ്രകൃതിയെ ഏതു വിധേനെയും ചൂഷണം ചെയ്യണമെന്ന് വാദിക്കുന്നത്.

എന്നാൽ സുസ്ഥിര വികസന നയം (sustainable development policy) മാണ് മനുഷ്യന്റെ നിലനിൽപ്പും പ്രകൃതിയുടെ നിലനിൽപ്പും സന്തുലിതാവസ്ഥയിൽ നിലനിർത്തുന്നത്. ഈ നയമനുസരിച്ച് മൃഗങ്ങൾക്കുള്ള അതേ അവകാശം മനുഷ്യനുമുണ്ട്. മനുഷ്യന് മൃഗങ്ങളെ കൊല്ലാൻ അവകാശമില്ലാത്തതുപോലെ മൃഗങ്ങൾക്കും മനുഷ്യനെ കൊല്ലാൻ അവകാശമില്ല. മൃഗങ്ങൾക്ക് മനുഷ്യനെ കൊല്ലാൻ അവകാശമുണ്ടെങ്കിൽ മനുഷ്യന് മൃഗങ്ങളെ കൊല്ലാനും അവകാശമുണ്ട്. മനുഷ്യനില്ലാത്ത അവകാശം മൃഗങ്ങൾക്ക് നൽകരുത്. എന്നാൽ കപട പരിസ്ഥിതി വാദമനുസരിച്ച് മൃഗങ്ങൾക്ക് മനുഷ്യനെ കൊല്ലാം, എന്നാൽ മനുഷ്യർക്ക് മൃഗങ്ങളെ കൊല്ലാൻ പാടില്ല. സുസ്ഥിത വികസന നയമനുസരിച്ച് പ്രകൃതിവിഭവങ്ങളെ മനുഷ്യന്റെ നിലനിൽപ്പിനും വികസനത്തിനും വേണ്ടി നിയന്ത്രിച്ച് ഉപയോഗിക്കണമെന്നാണ് നിർദ്ദേശിക്കുന്നത്.

മയിൽ, കുരങ്ങ്, കാട്ടുപന്നി, കാട്ടാന, ഒട്ടകം മുതലായ മൃഗങ്ങൾ അമിതമായി പെറ്റു പെരുകുകയും കൃഷിയ്ക്ക് നാശം വരുത്തുകയും ചെയ്താൽ കേരളമൊഴികെയുള്ള സംസ്ഥാനങ്ങളിലും, മറ്റു രാജ്യങ്ങളിലും അവയെ കീടങ്ങളായി (pest) പ്രഖ്യാപിച്ച് വകവരുത്തും. എന്നാൽ കേരളത്തിൽ മാത്രം പ്രകൃതി സ്നേഹം ഒരു രോഗമായി നില നിൽക്കുന്നു. പേപ്പട്ടിയെ കൊന്നാൽപ്പോലും ജയിലിൽ പോകേണ്ട അവസ്ഥ കേരളത്തിൽ നിലനിൽക്കുന്നു. പുഴയിലും ഡാമിലും മണൽ നിറയുന്നതുകൊണ്ട് വെള്ളം സംഭരിക്കാനുള്ള കഴിവ് പുഴയ്ക്കും ഡാമുകൾക്കും നഷ്ടപ്പെടുന്നു. ഇത്തരത്തിൽ പുഴകളിൽ മണൽ നിറഞ്ഞാൽ പുഴ വഴിമാറിയൊഴുകും. എന്നാൽ ഇത്തരം മേഖലകളിലെ നയവൈകല്യം മൂലം കർഷകർ കൃഷി ഉപേക്ഷിക്കുന്നു വെന്നതാണ് കേര

www.malankaralibrary.com

ളത്തിന്റെ നാശത്തിന്റെ ഒരു കാരണം. കേരളത്തിലെ മലയോര മേഖലയിലെ തേയില കൃഷി, ഏലയ്ക്കാ, കാപ്പി മുതലായവയെ തകർക്കുന്ന വിധത്തിലാണ് ബഫർസോൺ നിയമം രൂപപ്പെടുത്തിയത്. മറ്റു സംസ്ഥാനങ്ങളിലുള്ള സർക്കാരുകൾ കർഷകർ നില നിൽക്കുന്ന വനമേഖലകളിൽ ബഫർസോൺ പ്രായോഗികമല്ല എന്ന് വാദിച്ചപ്പോൾ, കേരളത്തിലെ സർക്കാരും ഉദ്യോഗസ്ഥരും കപട പരിസ്ഥിതി വാദികളും ബഫർസോൺ നടപ്പിലാക്കി കർഷകരെ കുടിയിറക്കാനാണ് ശ്രമിച്ചത്. കേരളത്തിലെ കത്തോലിക്കാ കോൺഗ്രസ്സ് എന്ന സംഘടനയുടെ നിരന്തരമായ സമരങ്ങളാണ് കേരള സർക്കാരിന്റെ കണ്ണുതുറപ്പിക്കാൻ സഹായിച്ചത്. ഇതിനായി അഹോരാത്രം അദ്ധ്വാനിക്കുന്ന കത്തോലിക്കാ കോൺഗ്രസ്സിന്റെ ബിഷപ്പ് ലെഗേറ്റ് മാർ റെമിജിയൂസ് പിതാവിനും ഗ്ലോബൽ പ്രസിഡണ്ടായ അഡ്വ. ബിജു പറയനിലത്തിന്റെ നേതൃത്വത്തിലുള്ള ഗ്ലോബൽ സമിതിക്കും നമ്മുടെ അതിരൂപതാ പ്രസിഡണ്ടായ ശ്രീ. ജോഷി വടക്കന്റെ നേതൃത്വത്തിലുള്ള സമിതിക്കും അഭിവാദനം അർപ്പിക്കുന്നു. നമ്മുടെ കൃഷിയും മത്സ്യബന്ധനവും, വ്യവസായവും, പ്രകൃതിയും നിലനിർത്തി നമ്മുടെ മക്കൾക്കും വരാനിരിക്കുന്ന തലമുറകൾക്കും ജനിച്ച മണ്ണിൽ ജീവിക്കാൻ സന്തുലിതമായ ഒരു പരിസ്ഥിതി നയം നടപ്പിലാക്കാൻ നാം തന്നെ മുന്നിട്ടിറങ്ങണം. നമ്മുടെ ജീവിക്കാനുള്ള അവകാശം നിലനിർത്താൻ പോരാടേണ്ടത് നാം തന്നെയാണെന്ന് ഓർമ്മിക്കുന്നത് നന്നായിരിക്കും. അല്ലെങ്കിൽ നാം ജനിച്ച മണ്ണിൽ നിന്ന് കുടിയിറക്കേണ്ടി വന്ന പ്രവാസികളായി അലഞ്ഞു തിരിയേണ്ടിവരുമെന്ന് ഓർക്കുന്നത് ഉചിതമായിരിക്കും.